# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ. ആർ.-12) വകുപ്പ്

## സർക്കുലർ

നമ്പർ 9219/എ. ആർ. 12(1)/11/ഉ.ഭ.പ.വ. തിരുവനന്തപുരം, 2011 ജൂലൈ 1.

*വിഷയം:*—ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—സർക്കാർ ഓഫീസുകൾ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നത്—സംബന്ധിച്ച്.

സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി നിലവിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച 46 സ്ഥാപനങ്ങൾ/വകുപ്പുകൾ ഒഴികെ എല്ലാ സർക്കാർ സ്ഥാപനങ്ങളും വകുപ്പുകളും ഒരു മാസത്തിനുള്ളിൽ പൗരാവകാശ രേഖ അന്തിമമാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

2. എല്ലാ സർക്കാർ ഓഫീസുകളിലും അതതു ഓഫീസിനെ സംബന്ധിച്ച സേവനങ്ങൾ എന്തൊക്കെയാണ്, ആയത് ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണ്, ഏത് ഉദ്യോഗസ്ഥനെയാണ് സമീപിക്കേണ്ടത്, പ്രസ്തുത സേവനം എത്ര ദിവസത്തിനുള്ളിൽ ലഭിക്കും എന്നിവയും കൂടാതെ പ്രസ്തുത ഓഫീസിനെ സംബന്ധിച്ച പ്രസക്തമായ മറ്റു വിവരങ്ങളും പൊതുജനങ്ങൾക്കായി ബോർഡിൽ എഴുതി രണ്ടാഴ്ചയ്ക്കുള്ളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകുന്നു. ടി വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച ഓരോ വകുപ്പിന്റെ/ സ്ഥാപനത്തെ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഭരണ വകുപ്പ് മുഖേന പൊതുഭരണ വകുപ്പ് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

25/7/2011

ഡോ. പി. പ്രഭാകരൻ,

*ചീഫ് സെക്രട്ടറി.*

GCPT. 3/2544/2011/DTP.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും, എല്ലാ ജില്ലാ കളക്ടർമാർക്കും.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
(അച്ചടി ദൃശ്യമാദ്ധ്യമങ്ങളിലൂടെ പ്രചരണം നൽകുന്നതിന്)

രജിസ്ട്രാർ കേരള/കുസാറ്റ്/കോഴിക്കോട്/എം.ജി/കണ്ണൂർ/ശ്രീ.ശങ്കരാചാര്യ/കേരള അഗ്രിക്കൽച്ചർ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം. (ആമുഖകത്ത് സഹിതം)

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---